**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം - 2**

**2024 ഫെബ്രുവരി 1**

**നമ്പർ : 481**

**2024 ഫെബ്രുവരി 2-ന് ധനകാര്യ വകുപ്പുമന്ത്രി ശ്രീ.കെ. എൻ. ബാലഗോപാൽ ചട്ടം 118 അനുസരിച്ച് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.**

സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾക്കും നിയമനിർമ്മാണ അധികാരങ്ങൾക്കും മേൽ വലിയ രീതിയിലുള്ള കടന്നുകയറ്റമാണ് അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് നടന്നുവരുന്നത്. ഭരണഘടനാദത്തമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളെല്ലാം തന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേക്കാണ് കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ എത്തിച്ചിരിക്കുന്നത്. സാമൂഹ്യക്ഷേമം ഉൾപ്പെടെ ആകെ ചെലവുകളുടെ സിംഹഭാഗവും ഇന്ത്യയിൽ സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. എന്നാൽ, റവന്യൂ വരുമാനത്തിന്റെ ഗണ്യമായ പങ്ക് യൂണിയൻ ഗവൺമെന്റിനാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഭരണഘടനാദത്തമായ മാർഗ്ഗമാണ് ധനകാര്യ കമ്മീഷനുകൾ.

15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾത്തന്നെ വലിയ നഷ്ടമാണ് കേരളത്തിനുണ്ടായത്. അതിനു പുറമേയാണ് 15-ാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിന്റെ വായ്പാപരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചത്. കേന്ദ്ര സർക്കാർ അംഗീകരിച്ച് ബഹു. രാഷ്ട്രപതിയുടെ അനുമതിയോടെ പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച ശിപാർശകളെ കാറ്റിൽപ്പറത്തുന്ന സമീപനമാണ് കേന്ദ്ര ധനമന്ത്രാലയം വായ്പാ കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പം തന്നെ ലഭിക്കേണ്ട ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുന്ന അവസ്ഥയുമുണ്ടാകുന്നു. ഇതെല്ലാം തന്നെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ

കത്തിവെയ്ക്കുന്ന നടപടികളാണെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരു സംശയവുമില്ല. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് പരമാധികാരം ഉള്ളതുപോലെ സംസ്ഥാന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനും പരമാധികാരമുണ്ട്. ഭരണഘടന ഇക്കാര്യങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അതിനാൽ സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ കീഴ്ഘടകങ്ങളായി കാണുന്ന ജനാധിപത്യവിരുദ്ധ സമീപനം ഉപേക്ഷിക്കണമെന്നും കേരളത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യു സമീപനത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.